പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3770

24.06.2014-ലെ മറുപടിയ്ക്ക്

# ത്രിവേണി മാർക്കറ്റുകളിലെ വിറ്റു വരവ്

**ചോദ്യം**

ശ്രീ.വി.ചെന്താമരാക്ഷൻ

**മറുപടി**

ശ്രീ.സി.എൻ.ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ത്രിവേണി മാർക്കറ്റുകളിലെ കഴിഞ്ഞ അഞ്ചുവർഷത്തെ വിറ്റുവരവ് എത്രയാണെന്ന് പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ;

(എ) സംസ്ഥാനത്തെ ത്രിവേണി മാർക്കറ്റുകളിലെ കഴിഞ്ഞ അഞ്ചു വർഷത്തെ വിറ്റുവരവ് ചുവടെ പരാമർശിക്കും പ്രകാരമാണ്.

| വർഷം | തുക (കോടിയിൽ) |
|---|---|
| 2009-2010 | 139.06 |
| 2010-2011 | 164.57 |
| 2011-2012 | 218.06 |
| 2012-2013 | 253.5 |
| 2013-2014 | 242.67 |
| ആകെ | 1017.86 |

(ബി) 25,000/- രൂപ വരെ പ്രതിദിന വിറ്റുവരവുള്ള മാർക്കറ്റുകളിൽ എത്ര തൊഴിലാളികൾ പ്രവർത്തിക്കുന്നുണ്ട്; വെളിപ്പെടുത്തുമോ;

(ബി) വിറ്റുവരവ് മാത്രം അടിസ്ഥാനമാക്കി മാർക്കറ്റുകളിൽ ജീവനക്കാരുടെ എണ്ണം ക്രമീകരിച്ചിട്ടില്ല. വിറ്റുവരവിന്റെയും വിൽപ്പന നടത്തുന്ന പ്രദേശത്തിന്റെയും മാർക്കറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെയും വിൽപ്പന നടത്തുന്ന സാധനങ്ങളുടെ വൈവിധ്യത്തിന്റെയും അടിസ്ഥാനത്തിലാണ്

| | | | |
|---|---|---|---|
| | | | ജീവനക്കാരുടെ നിയമനം നടത്തുന്നത്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ തിരുവനന്തപുരം സ്റ്റാച്യുവിലുള്ള മാർക്കറ്റിൽ ശരാശരി പ്രതിദിന വിറ്റുവരവ് എത്രയായിരുന്നു; ഇപ്പോഴത്തെ വിറ്റുവരവ് എത്രയാണെന്ന് വ്യക്തമാക്കുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ തിരുവനന്തപുരം സ്റ്റാച്യുവിലുള്ള മാർക്കറ്റിൽ ശരാശരി പ്രതിദിന വിറ്റുവരവ് 1,02,411/- രൂപയായിരുന്നു. ഇപ്പോഴത്തെ ശരാശരി പ്രതിദിന വിറ്റുവരവ് 48,465/- രൂപയാണ്. |
| (ഡി) | അന്ന് നിലവിലുണ്ടായിരുന്നത് എത്ര പേരായിരുന്നു; ഇപ്പോൾ അവിടെ എത്രപേർ ജോലിയിലുണ്ടെന്നും അറിയിക്കുമോ? | (ഡി) | അന്ന് നിലവിലുണ്ടായിരുന്നത് 10 പേരായിരുന്നു. ഇപ്പോൾ അവിടെ 15 പേർ ജോലിയിലുണ്ട്. |

സെക്ഷൻ ഓഫീസർ